കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

55 (4637) ശ്രീ. ഇ. ചന്ദ്രശേഖരൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) മണ്ഡലത്തിൽ വകുപ്പ് എറ്റെടുത്ത് നടത്താനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുള്ള മതിപ്പുചെലവ് എത്രയാണെന്നും വ്യക്ത മാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ ഏതുഘട്ടത്തിലാണെന്ന് പറയാമോ ?

ഉത്തരം

(എ) ആർ.ജി.ജി.വി.വൈ, ആർ.എ.പി.ഡി.ആർ.പി. എന്നീ പദ്ധതികൾ നടപ്പിലാക്കി. 2011-ൽ നിലവിൽവന്ന 12.7 കോടി രൂപയുടെ ആർ.എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ 36.41 കിലോ മീറ്റർ 11 കെ.വി. ലൈനും 3.75 കിലോ മീറ്റർ 11 കെ.വി.യു.ജി. കേബിളും 56 എണ്ണം 100 കെ.വി-എ. ട്രാൻസ്ഫോർമറുകളും 1.56 കിലോ മീറ്റർ എൽ.റ്റി. ലൈനും, 22.901 കിലോ മീറ്റർ എൽ.റ്റി. കണ്ടവർക്ഷൻവർക്കും പൂർത്തീകരിച്ചു കൂടാതെ 33 കെ.വി. സബ്സ്റ്റേഷന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

ആർ.ജി.ജി.വി.വൈ.പദ്ധതി പ്രകാരം 45 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 51.199 കിലോ മീറ്റർ 11 കെ.വി. ലൈനും 15.15 കിലോ മീറ്റർ എൽ.റ്റി. ത്രീഫേസ് ലൈനും 39.063 കിലോ മീറ്റർ എൽ.റ്റി. സിംഗിൾ ഫേസ് ലൈനും നിർമ്മിച്ച് 1940 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകി.

പ്രസരണ വിഭാഗത്തിൽ:

1. കാഞ്ഞങ്ങാട് 110 കെ.വി.സബ്സ്റ്റേഷൻ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പഴയ 10 MVA-യുടെ ട്രാൻസ്ഫോർമർമാറ്റി 12.5 MVA യുടെ രണ്ട് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.

2. കാഞ്ഞങ്ങാട് സബ്സ്റ്റേഷനിൽനിന്നും പുതിയതായി താഴെപ്പറയുന്ന രണ്ട് 11 കെ.വി. ഫീഡറുകൾ നൽകിയിട്ടുണ്ട്:

   (a) 11 കെ.വി. മടിക്കൈ ഫീഡർ

   (b) 11 കെ.വി. വെള്ളിക്കോത്ത് ഫീഡർ

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പുതുതായി നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ, ഡി.ഡി.യു.ജി. ജെ.വൈ-യും ഐ.പി.ഡി.എസ്സുമാണ്. ഡി.ഡി.യു.ജി.ജെ.വൈ-യ്ക്ക് 2.5 കോടി രൂപയും ഐ.പി.ഡി.എസ്സിന് 5 കോടി രൂപയും മതിപ്പ് ചെലവ് കണക്കാക്കി യിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ DPR സമർപ്പിച്ചിട്ടുണ്ട്.

പ്രസരണ വിഭാഗത്തിൽ :

1. കാഞ്ഞങ്ങാട് ടൗൺ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായുള്ള കൺട്രോൾ റൂം നിർമ്മാണം അവസാനഘട്ടത്തിലാണ്. 33 കെ.വി. ഫീഡർ നിർമ്മാണ പ്രവൃത്തികൾ 50 % പൂർത്തീകരിച്ചു.
2. രാജപുരം 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

അരയക്കാപ്പ്, വെട്ടുവിട്ടകാട് ആദിവാസി കോളനികളിൽ വൈദ്യുതീകരണം

56 (4638) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി പഞ്ചായത്തിൽ വൈദ്യുതീകരണം നടത്താത്ത അരയക്കാപ്പ്, വെട്ടുവിട്ടകാട് ആദിവാസി കോളനികളിൽ വൈദ്യുതീകരണം നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) അതിരപ്പിള്ളി പഞ്ചായത്തിലെ മറ്റു കോളനികളിലെ വൈദ്യുതീകരണ നടപടികൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ അരയക്കാപ്പ്, വെട്ടുവിട്ടക്കാട് എന്നീ ആദിവാസി കോളനികളുടെ വൈദ്യുതീകരണം RGGVY-യിലെ DDG (Decentralized Distributed Generation) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 14-7-2014-ൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ അനുമതിക്കായി നൽകിയിട്ടുണ്ട്. അനുമതി ലഭിക്കുന്നമുറയ്ക്ക് വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള തുടർ നടപടികൾ ആരംഭിക്കുന്നതാണ്.

(സി) മറ്റു കോളനികളിലെല്ലാം വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly